(ബി) സംസ്ഥാനത്തെ നെൽപ്പാടങ്ങളുടെ കണക്കെടുക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള നെൽവയൽ ഡേറ്റാബാങ്ക് രൂപീകരണം പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) നെൽവയൽ ഡേറ്റാബാങ്ക് അടിയന്തിരമായി പൂർത്തീകരിക്കുന്നതിനായി നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം കൃത്യമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള ഉത്തരവുകളൊന്നും പിൻവലിച്ചുകൊണ്ട് തീരുമാനമെടുത്തിട്ടില്ല.

(ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം (4) പ്രകാരം കൃഷി ഓഫീസറും വില്ലേജ് ഓഫീസറും കൂടിയാണ് നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും കരട് ഡാറ്റാബാങ്ക് തയ്യാറാക്കി പ്രാദേശികതല നിരീക്ഷണ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടത്. സമിതി പരിശോധിച്ച് അന്തിമരൂപം നൽകി അംഗീകരിച്ച നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും സർവ്വേ നമ്പരുകളും വിസ്തൃതിയുമടങ്ങിയ ഡാറ്റാ ബാങ്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് സമിതി അയച്ചു കൊടുക്കേണ്ടതാണ്. ഇത് ഒരു വിജ്ഞാപനമായി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാരാണ്. ഡാറ്റാബാങ്ക് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(സി) നെൽവയൽ ഡാറ്റാബാങ്ക് അടിയന്തിരമായി പൂർത്തീകരിക്കുന്നതിനായി നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം കൃത്യമായി നടപ്പിലാക്കുന്നതിന് നടപടികൾ അനുവർത്തിച്ചുവരുന്നു.

നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം

182 (1262) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഡാറ്റാബാങ്ക് തയ്യാറാക്കൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഡാറ്റാബാങ്ക് തയ്യാറാക്കൽ സംരംഭം എത്ര ജില്ലകളിൽ നടപ്പാക്കി എന്നും ഇതിന്റെ ഭാഗമായി എത്ര ഹെക്ടർ ഭൂമി ഡാറ്റാ ബാങ്കിലേക്ക് മാറ്റപ്പെട്ടുവെന്നും വ്യക്തമാക്കാമോ;

(സി) ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന നടപടി നിലവിൽ തുടരുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിയമം അട്ടിമറിക്കപ്പെടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് 941 ഗ്രാമപഞ്ചായത്തുകൾ ഉള്ളതിൽ 21 ഗ്രാമ പഞ്ചായത്തുകളിൽ നെൽവയലുകളും തണ്ണീർത്തടങ്ങളുമില്ല. മറ്റുള്ള 920 ഗ്രാമ പഞ്ചായത്തുകളിൽ 873 ഗ്രാമപഞ്ചായത്തുകൾ ഡാറ്റാബാങ്ക് തയ്യാറാക്കി ഗവൺമെന്റ് പ്രസ്സിൽ നൽകിയിട്ടുണ്ട്. ഇതിൽ 319 ഗ്രാമപഞ്ചായത്തുകളിലെ ഡാറ്റാബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) എല്ലാ ജില്ലകളിലെയും ഗ്രാമപഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷി ഓഫീസർ കൺവീനറായ പ്രാദേശികതല നിരീക്ഷണ സമിതി ഡാറ്റാബാങ്ക് തയ്യാറാക്കി നൽകാത്തതിനാൽ സംസ്ഥാനത്തെ 47 ഗ്രാമപഞ്ചായത്തുകളിൽ ഡാറ്റാബാങ്ക് തയ്യാറാക്കുന്ന പ്രവർത്തനം മന്ദഗതിയിലാണ്. നെൽവയൽ തണ്ണീർത്തടങ്ങൾ ഉൾപ്പെട്ട എത്ര ഹെക്ടർ ഭൂമി ഡാറ്റാബാങ്കിലേക്ക് മാറ്റപ്പെട്ടുവെന്നത് സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ഡാറ്റാബാങ്ക് തയ്യാറാക്കുന്ന നടപടി നിലവിൽ തുടർന്നുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പയ്യന്നൂർ താലൂക്ക് രൂപീകരണം

183 (1263) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത താലൂക്ക് എപ്പോൾ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പയ്യന്നൂർ താലൂക്ക് രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly